(ബി) ടെൽക്കിന്റെ പുനരുദ്ധാരണം സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

കെൽടെകിലെ നിയമനങ്ങൾ

29 [3434] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസ്ഥായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ കേരള ഹൈടെക് ഇൻഡസ്ട്രീസ് കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ;

(ബി) കെൽടെകിൽ വിവിധ തസ്തികകളിലായി നിലവിൽ എത്ര ഒഴിവു കളുണ്ട്;

(സി) നിയമനങ്ങൾ ഉടൻ നടത്തുമോ;

(ഡി) ഇവ സ്ഥിര നിയമനങ്ങളാവുമോ എന്നറിയിക്കാമോ;

(ഇ) ഇപ്പോഴുള്ള ജീവനക്കാരുടെ തരംതിരിച്ചുള്ള (സ്ഥിരം, കോൺട്രാക്ട്) ലിസ്റ്റ് ലഭ്യമാക്കുമോ;

(എഫ്) കെൽടെകിൽ നിലവിലുള്ള 1992-ലെ ശമ്പള സ്കെയിൽ പരിഷ്കരിച്ച് 1997-ലെ ശമ്പള വ്യവസ്ഥ ആക്കുവാനാവശ്യമായ നടപടി ഏതുഘട്ടം വരെയായി എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള ഹൈടെക് ഇൻഡസ്ട്രീസ് ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള ഗവൺമെന്റ്, കേന്ദ്രഗവൺമെന്റിന് കത്ത് സമർപ്പിച്ചിട്ടുണ്ട്. മറുപടിയൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ 47 ഒഴിവുകളാണ് നിലവിലുള്ളത്.

(സി) 47 ഒഴിവുകൾ നികത്തുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. നിയമനങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ ഒരു വർഷത്തേക്ക് താൽക്കാലിക നിയമനമാണ്.

(ഇ) ഇപ്പോൾ 248 സ്ഥിര ജീവനക്കാരാണ് ഉള്ളത്. കോൺട്രാക്ട് അടിസ്ഥാനത്തിൽ ജീവനക്കാരില്ല. എന്നാൽ ചില ജോലികൾ അംഗീകൃത കോൺട്രാക്ടർമാർ മുഖേന ചെയ്യിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതിനുള്ള നടപടിയൊന്നും നാളിതുവരെ എടുത്തിട്ടില്ല.

## ടി. ടി. പി.-യുടെ ഉല്പന്നങ്ങൾ

30 [3435] ശ്രീ. വർക്കല കഹാർ:
,, വി. ജെ. പൗലോസ്:
,, സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, മിനറൽസ് ആന്റ് മെറ്റൽസ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ എന്തെല്ലാം ആണെന്നു പറയുമോ;

(ബി) ഇവയുടെ ഉല്പാദനം വൈവിധ്യവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം പുതിയ ഉൽപ്പന്നങ്ങളുണ്ടാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

## ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് അനട്ടേസ് ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റും, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റുമാണ് ഉൽപ്പാദിപ്പിക്കുന്നത്. കെ. എം. എം. എൽ. വ്യത്യസ്ത ഉപയോഗമുള്ള 6 തരം ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതിനുപുറമെ കെ. എം. എം. എൽ.-ന്റെ എം. എസ്. യൂണിറ്റ് ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ എന്നിവയുടെ ഉൽപ്പാദനവും നടത്തുന്നുണ്ട്.

(ബി) കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ ഉല്പാദനം വൈവിധ്യവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ടി. ടി. പി അതിന്റെ ഉൽപ്പാദനം വൈവിധ്യവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ടി. ടി. പി. 'റൂട്ടൈൽ ഡ്രൈമിൽ' പിഗ്മെന്റിന്റെ ഉൽപ്പാദനം ആരംഭിച്ചു കഴിഞ്ഞു. റൂട്ടൈൽ കോട്ടഡ് പിഗ്മെന്റ് ഉദ്പ്പാദിപ്പിക്കുവാനുള്ള പരിശ്രമം പൈലറ്റ് പ്ലാന്റ് തലത്തിൽ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. നിലവിലുള്ള സൾഫേറ്റ് ടെക്നോളജി ഉപയോഗിച്ച് വിവിധ ഗ്രേഡിലുള്ള ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മിക്കുവാനുള്ള ശ്രമം ടി. ടി. പി. തുടർന്നു വരികയാണ്. കെ. എം. എം. എൽ.-ൽ രണ്ട് പുതിയ ഗ്രേഡുകൾ ഉണ്ടാക്കുവാനുള്ള പ്രാരംഭ ഗവേഷണങ്ങൾ തുടങ്ങിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly